**പതിനാലാം കേരളനിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1985** | **07.03.2017-ൽ മറുപടിക്ക്**

## സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എം. ആരിഫ് | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് സംസ്ഥാനത്തെ എത്ര വിദ്യാലയങ്ങളിലാണ് പ്രവർത്തിക്കുന്നത്; എത്ര വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകിയിട്ടുള്ളത്; പരിശീലനത്തിനും മറ്റും ഇപ്പോൾ നൽകി വരുന്ന തുക എത്രയാണ്; തുക തീരെ അപര്യാപ്തമാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് നിലവിൽ 574 വിദ്യാലയങ്ങളിലാണ് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റ് പ്രവർത്തിക്കുന്നത്. 8ാം ക്ലാസിലേയും 11ാം ക്ലാസിലേയും വിദ്യാർത്ഥികളിൽനിന്ന് തിരഞ്ഞെടുക്കുന്ന 44 കുട്ടികൾ ജൂനിയർ കേഡറ്റുകളായി എൻറോൾ ചെയ്യപ്പെടുന്ന ഈ പദ്ധതിയിൽ ജൂനിയർ സീനിയർ വിഭാഗങ്ങളിലായി 88 കുട്ടികൾക്കാണ് 1 വർഷം ഒരു യൂണിറ്റിൽ പരിശീലനം നൽകുന്നത്. 2008 മുതൽ 70,000-ത്തോളം കുട്ടികൾ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്. നിലവിലുള്ള സാഹചര്യത്തിൽ പോലീസ് വകുപ്പിന് ആസൂത്രണ സ്കീമുകൾക്കുവേണ്ടി അനുവദിച്ച് നൽകുന്ന തുകയുടെ ഏറ്റക്കുറച്ചിൽ അനുസരിച്ച് എസ്.പി.സി. പരിശീലനത്തിന് നൽകുന്ന തുകയിലും ഏറ്റക്കുറച്ചിൽ ഉണ്ടാകുന്നുണ്ട്. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയുടെ പ്രവർത്തനത്തിനായി ഓരോ സാമ്പത്തിക വർഷവും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) പ്രസ്തുത തുക വർദ്ധിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കുമോ; | (ബി) പോലീസ് വകുപ്പിന് ആസൂത്രണ സ്കീമുകൾക്കുള്ള തുകയുടെ ലഭ്യത അനുസരിച്ച് ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (സി) പോലീസ്, എക്സൈസ്, വനംവകുപ്പ് തുടങ്ങിയ സേനകളിലേയ്ക്കുള്ള നിയമനങ്ങളിൽ എസ്.പി.സി.യ്ക്ക് എന്ത് മുൻഗണനയാണുള്ളത്; | (സി) പോലീസ്, എക്സൈസ്, വനംവകുപ്പ് തുടങ്ങിയ സേനകളിലേയ്ക്കുള്ള നിയമനങ്ങളിൽ എസ്.പി.സി. അംഗങ്ങൾക്ക് നിലവിൽ മുൻഗണന നിശ്ചയിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | എസ്.എസ്.എൽ.സി, പ്ലസ് ടു ഇടങ്ങിയ പരീക്ഷകളിൽ ഗ്രേസ് മാർക്ക് നൽകുന്നുണ്ടോ; ഇല്ലെങ്കിൽ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | എസ്.പി.സി. പദ്ധതിയിൽ ചേർന്ന് രണ്ട് വർഷത്തെ പരിശീലനം 75% അറ്റൻഡൻസോട്ടുകൂടി കാര്യക്ഷമമായി പൂർത്തിയാക്കുന്ന എസ്.എസ്.എൽ.സി, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി കേഡറ്റുകൾക്ക് സർക്കാർ ഉത്തരവ് നം. (കൈ)214/2012/ആഭ്യന്തരം, തീയതി: 04.08.2012 അനുസരിച്ച് 5% ഗ്രേസ് മാർക്ക് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - I

| നം. | സാമ്പത്തിക വർഷം | അനുവദിച്ച തുക (രൂപ) |
|---|---|---|
| 1. | 2010-2011 | 70,00,000 |
| 2. | 2011-2012 | 59,80,000 |
| 3. | 2012-2013 | 2,20,00,000 |
| 4. | 2013-2014 | 6,00,00,000 |
| 5. | 2014-2015 | 6,00,00,000 |
| 6. | 2015-2016 | 10,00,00,000 |
| 7. | 2016-2017 | 10,70,00,000 |

സെക്ഷൻ ഓഫീസർ